"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - മരണപ്പെട്ട സീനിയർ സൂപ്രണ്ട് സി.വിനോദ്കുമാറിനെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കിയത് - പുന:പരിശോധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വനം വന്യജീവി (എ) വകുപ്പ്**

G.O.(Rt)No.227/2021/F&WLD തിരുവനന്തപുരം, തീയതി, 31/07/2021

പരാമർശം:-

(1) 16.08.2019-ലെ FWLD-A1/71/19-FWLD നമ്പർ കുറ്റപത്രവും/കുറ്റാരോപണ പത്രികയും.

(2) 07.09.2019 തീയതിയായി ശ്രീ. വിനോദ് കുമാർ, സീനിയർ സൂപ്രണ്ട് സമർപ്പിച്ച പ്രതിവാദ പത്രിക.

(3) 02.01.2020-ലെ സ.ഉ.(സാധാ.) നം. 2/2020/വനം ഉത്തരവ്.

(4) 05.03.2021-ലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ എഫ്3/159123/2020 നമ്പർ കത്ത്.

**ഉത്തരവ്**

വനം വകുപ്പാസ്ഥാനത്തെ സീനിയർ സൂപ്രണ്ട്, സി. വിനോദ് കുമാർ, വകുപ്പിലെ വിവിധ നിയമസഭാ സമിതി റിപ്പോർട്ടുകൾ, കോടതി കേസുകൾ, നിയമസഭാ സമിതി ലഭ്യമാക്കുന്ന നിവേദനങ്ങൾ എന്നിവയുടെ പുരോഗതി അവലോകനം ചെയ്യുന്നതിനായി 23.11.2018-ന് സെക്രട്ടേറിയറ്റിലെ വനം വന്യജീവി വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ റൂമിൽ ചേർന്ന മീറ്റിംഗിൽ അന്നത്തെ വകുപ്പ് ജോയിന്റ് സെക്രട്ടറിയോടും വനം വന്യജീവി (എഫ്) വകുപ്പ് സെക്ഷൻ ഓഫീസറോടും അച്ചടക്കം ലംഘിച്ച് അപമാനിച്ച് സംസാരിക്കുകയും മോശമായി പെരുമാറുകയും അതുവഴി അദാലത്തിന്റെ സൗഹൃദ അന്തരീക്ഷം ഇല്ലാതാക്കി അസ്വസ്ഥത സൃഷ്ടിക്കുകയും ചെയ്തു. ടിയാന്റെ ധിക്കാരപരമായതും ഔദ്യോഗിക പദവിയ്ക്ക് ചേരാത്ത തുമായ ടി പെരുമാറ്റം 1960-ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ 3-ാം ചട്ടത്തിന്റെ ലംഘനവും ഗുരുതര വീഴ്ചയായതിനാലും പരാമർ ശം (1) പ്രകാരം ലഘുശിക്ഷയ്ക്കുള്ള കുറ്റപത്രംവും/കുറ്റാരോപണ പത്രികയും നൽകി അച്ചടക്ക നടപടി ആരംഭിച്ചു.

2) സി. വിനോദ്കുമാർ പരാമർശം (2) പ്രകാരം സമർപ്പിച്ച പ്രതിവാദപത്രികയും നേരിൽ കേൾക്കുന്ന സമയത്ത് ഉന്നയിച്ച വാദങ്ങളും പരിശോധിക്കുകയും ടിയാന്റെ ഭാഗത്ത് നിന്ന് സംഭവിച്ച വീഴ്ച കണക്കിലെടുത്ത് 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം

11 (iii) പ്രകാരം വാർഷിക വേതന വർദ്ധനവ് സഞ്ചിതഫല പ്രാബല്യമില്ലാതെ മൂന്ന് മാസകാലയളവിലേയ്ക്ക് തടഞ്ഞുകൊണ്ട് പരാമർശം (3) പ്രകാരം അച്ചടക്ക നടപടി തീർപ്പാക്കി.

3) ടി ശിക്ഷ നടപ്പിലാക്കുന്നതിനു മുൻപു തന്നെ സി. വിനോദ്കുമാർ സർവ്വീസിലിരിക്കെ കോവിഡ്-19 ബാധിച്ച് ചികിത്സയിലിരിക്കെ 12.10.2020-ന് മരണപ്പെട്ടുവെന്നും മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ ദയാപരമായ സമീപനം സ്വീകരിച്ചുകൊണ്ട് പ്രസ്തുത ശിക്ഷാനടപടി പുന:പരിശോധിക്കുന്നതിനും അച്ചടക്ക നടപടിയിൽ നിന്ന് ടിയാനെ പൂർണ്ണമായും ഒഴിവാക്കിക്കൊണ്ട് ഉത്തരവാകുന്നതിനും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പരാമർശം (4) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

4) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ ദയാപരമായ സമീപനം സ്വീകരിച്ചുകൊണ്ട്, സേവനത്തിലിരിക്കെ കോവിഡ്-19 ബാധിച്ച് മരണപ്പെട്ടുപോയ സി. വിനോദ് കുമാർ, സീനിയർ സൂപ്രണ്ടിന് പരാമർശം (3) പ്രകാരം നൽകിയ ശിക്ഷാനടപടി പുന:പരിശോധിച്ച് അച്ചടക്ക നടപടിയിൽ നിന്ന് പൂർണ്ണമായും ഒഴിവാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
Sajeevan M K
Under Secretary

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

വനം വന്യജീവി (പി.എസ്.) വകുപ്പ്

വനം വന്യജീവി (എഫ്.) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Shaji A M
Date: 01-08-2021 12:49:15
Reason: Approved
സെക്ഷൻ ഓഫീസർ